(സി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മഴവെള്ള സംഭരണം ഭൂജല പരിപോഷണം പരിപാടികൾക്ക് സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ അനുവദിക്കുന്ന സാമ്പത്തിക സഹായമാണ് ഉപയോഗിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മഴകേന്ദ്രത്തിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. ഗ്രാമ പഞ്ചായത്തുകളെ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി സഹായത്തിനായി പരിഗണിക്കുന്നത്.

- കുടിവെള്ള ക്ഷാമത്തിന്റെ തീവ്രത നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ
- ഗ്രാമപഞ്ചായത്തുകളുടെ കുടിവെള്ള വിതരണത്തിന്റെയും ലഭ്യതയുടെയും ഇപ്പോഴത്തെ കവറേജിന്റെ നിജസ്ഥിതി അമ്പത് ശതമാനത്തിൽ കുറവ് കവറേജുള്ള ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകുന്നു.
- ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ എണ്ണവും കാര്യക്ഷമതയും കുറവുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ പരിഗണന നൽകുന്നു.
- മലയോര/തീരദേശ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമരൂക്ഷത കൂടുതൽ അനുഭവപ്പെടുന്നു. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പരിഗണന നൽകുന്നു.

ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

23 (*383) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൻകീഴിൽ ഒരുക്കിയിട്ടുള്ളത് ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ രൂപം നല്കിയ ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും 4.63 കോടി രൂപയുടെ സംസ്ഥാന സർക്കാരിന്റെ വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) വിനോദസഞ്ചാര വികസനമേഖലയിൽ കായലോര വിനോദസഞ്ചാരം ഒരു ശൃംഖലയാക്കി അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

(സി) കായംകുളം മുതൽ അരൂക്കുറ്റിവരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുഴുക്കിപ്പണി, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ, വട്ടകായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കതിരവട്ടം ചിറ, എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ നിരവധി സൗകര്യങ്ങൾ/ പ്രവൃത്തികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

108 ആംബുലൻസ് സർവ്വീസ്

24 (*384) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 108 ആംബുലൻസ് സർവ്വീസ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly